(എ) നാദാപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച മിനി ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി വീതം ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ് പ്രസ്തുത പദ്ധതികൾ;

(സി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് വരെയായി; എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുന്ന രീതിയിലാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി)	വിലങ്ങാട്	. .	7.5 മെഗാവാട്ട്
	ചാത്തൻകോട്ട് നട I	. .	2.5 മെഗാവാട്ട്
	ചാത്തൻകോട്ട് നട II	. .	6 മെഗാവാട്ട്
	പശുക്കടവ്	. .	2 മെഗാവാട്ട്

(സി) വിലങ്ങാട്, ചാത്തൻകോട്ട് നട II, പശുക്കടവ് എന്നീ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് ബോർഡ് പ്രത്യേക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ വിലങ്ങാട്, ചാത്തൻകോട്ട് നട II എന്നീ പദ്ധതികൾക്ക് ബോർഡ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിശോധനയിലാണ്. പശുക്കടവ് പദ്ധതിക്ക് ബോർഡ് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ചാത്തൻകോട്ട് നട I പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പണി തുടങ്ങിയാൽ പദ്ധതി പൂർത്തിയാക്കുവാൻ 24 മാസം വേണ്ടിവരും.

ജലവൈദ്യുതി പദ്ധതികളുടെ വൃഷ്ടി പ്രദേശത്തുള്ള മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടി

52 [370] ശ്രീ. സ്റ്റീഫൻ ജോർജ്:

" തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജലവൈദ്യുതി പദ്ധതികളുടെ വൃഷ്ടി പ്രദേശത്ത് മണ്ണൊലിപ്പുണ്ടായാൽ അത് റിസർവ്വോയറുകളെ പ്രതികൂലമായി ബാധിക്കുമോ;

(ബി) എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) വൃഷ്ടിപ്രദേശത്തെ നദികളിൽ മണ്ണൊലിപ്പ് ഉണ്ടാകാതിരിക്കുവാൻ സ്വീകാര്യമായ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജലവൈദ്യുതി പദ്ധതികളുടെ സംരക്ഷണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാധിക്കും.

(ബി) വൃഷ്ടി പ്രദേശത്ത് മണ്ണൊലിപ്പുണ്ടായാൽ അത് നദിയിലൂടെ ഒഴുകി റിസർവ്വോയറുകളിൽ എത്തി അവയുടെ സംഭരണശേഷി കുറയുന്നതിന് കാരണമാകും.

(സി) ചെക്ക് ഡാമുകളുടെ നിർമ്മാണം, വനവൽക്കരണം, അനധികൃത കയ്യേറ്റവും കൃഷിയും തടയുക എന്നിവ വഴി മണ്ണൊലിപ്പ് നിയന്ത്രിക്കാവുന്നതാണ്.

(ഡി) ജലവൈദ്യുതി പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങൾ വൈദ്യുതി ബോർഡിന്റെ അധീനതയിൽ അല്ലാത്തതിനാൽ ചെക്ക് ഡാം നിർമ്മാണം, അനധികൃത കയ്യേറ്റവും കൃഷിയും തടയൽ എന്നിവ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ റിസർവോയർ പ്രദേശത്തെ അനധികൃത കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾക്കുള്ള പരിസ്ഥിതി/വനം മന്ത്രാലയത്തിന്റെ അനുമതിയുടെ ഭാഗമായി മണ്ണൊലിപ്പ് തടയാനുള്ള മാർഗ്ഗങ്ങൾ (കൃാച്ച്മെന്റ് ഏരിയ ട്രീറ്റ്മെന്റ് പ്ലാൻ) പഠിച്ച് സമർപ്പിക്കാൻ നിഷ്ക്കർഷിക്കാറുണ്ട്. ഇവ വനം, റവന്യൂ മുതലായ വകുപ്പുകളുടെ സഹകരണത്തോടെ ഭാവിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ വാടകക്കുടിശ്ശിക

53 [371] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കേബിൾ വലിക്കുന്നതിന് ഇലക്ട്രിസിറ്റി പോസ്റ്റുകൾ അനുവദിക്കുന്നതിന് എന്തു നിരക്കിലാണ് വാടക ഈടാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly